
**Chicago Knanaya Catholic Parish Bulletin**
**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630
December 14, 2008, Vol. 4, Issue 12
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# സന്നദ്ധ സേവകരാൽ സമ്പന്നമായ ക്നാനായ ദൈവാലയം



പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേൽ

**(ഇടവക പള്ളിയിലെ മിനിസ്ട്രികളുടെ സെമിനാറിൽ ചെയ്ത പ്രസംഗം.)**

ഷിക്കാഗോ സീറോ മലബാർ രൂപതയുടെ വികാരി ജനറാളും ഈ ഇടവകയുടെ വികാരിയുമായ മുത്തോലത്തച്ചാ, ആദരണീയനായ മന്ത്രി മോൻസ് ജോസഫ്, നമ്മളേക്കാൾ അറിവോടെ ക്നാനായ സമുദായത്തെപ്പറ്റി സംസാരിച്ച ജോണി ലൂക്കോസ്, വേദിയിൽ ഉപവിഷ്ടരായിരിക്കുന്ന വിശിഷ്ടാതിഥികളേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

പ്രിയപ്പെട്ട നമ്മുടെ മന്ത്രി മോൻസും ജോണി ലൂക്കോസും പറഞ്ഞത് എനിക്ക് ഏറെ സന്തോഷം നല്കുകയുണ്ടായി. നമുക്കുണ്ടായിരിക്കുന്നതിനേക്കാൾ ഏറെ അഭിമാനം അവർക്ക് ക്നാനായ സമുദായത്തെക്കുറിച്ച് ഉണ്ടായിരിക്കുന്നു. ജോണിയുടെ വാക്കുകൾ റിക്കാർഡ് ചെയ്യപ്പെടണം. അതു ലേഖനമായി അപ്നാദേശിൽ പ്രസിദ്ധപ്പെടുത്തണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അത് സമുദായത്തിനു കിട്ടിയ വലിയ അപ്രീസിയേഷനാണ്. അവർ ഇവിടെ അതിഥികളായി വന്നു. ഞാൻ അതിഥിയല്ല; വീട്ടുകാരനാണ്. അപ്പോൾ അതിഥികൾ ഇവിടെ വന്നു പറഞ്ഞത് എന്നെ ഏറെ സന്തോഷിപ്പിക്കുന്നു.

ജോണി പറഞ്ഞു: മറ്റൊരാൾക്ക് ക്നാനായക്കാരനാകാൻ ദൈവം വിചാരിച്ചാൽപോലും നടക്കത്തില്ല. ക്നാനായക്കാരനാകണമെങ്കിൽ ക്നാനായ മാതാപിതാക്കളിൽനിന്നു ജനിക്കണം. ക്നാനായക്കാരനെ പുറത്താക്കാൻ ദൈവം വിചാരിച്ചാൽ പോലും നടക്കത്തില്ല. കാരണം ക്നാനായക്കാരനായി ജനിച്ചാൽ അവൻ ക്നാനായക്കാരനായിതന്നെയാണു മരിക്കുന്നത്. ക്നാനായക്കാരനായി ജനിക്കുന്ന പുരുഷനും സ്ത്രീയും ക്നാനായക്കാരായിത്തന്നെയാണു മരിക്കുന്നത്. അങ്ങനെയൊരു പുറത്താക്കൽ പരിപാടിയില്ല.

ക്നാനായത്വം മൗലികമായി കൊണ്ടുനടക്കുന്ന ഒരു ജനതയുടെ പരിശ്ചേരദം ഞാനിവിടെ കാണുന്നു. പ്രിയപ്പെട്ടവരെ, ഞാനിതിൽ ഏറെ അഭിമാനിക്കുന്നു. ഇവിടെ കല്ലറയും കോട്ടയവും ഉഴവൂരും കടുത്തുരുത്തിയുമൊക്കെ അവയുടെ കൊച്ചുകൊച്ചു ദൃശ്യങ്ങളായി എനിക്കിവിടെ കാണുവാൻ സാധിക്കുന്നു. ഇന്നു ക്നാനായ സമുദായം ഒരു ആഗോള സമുദായമായി മാറിക്കഴിഞ്ഞു. ഇരുപതോളം രാജ്യങ്ങളിൽ അതിന്റെ വേരുകളുണ്ട്. പ്രവാസി രാജ്യങ്ങളിൽ ഏറ്റവും ശക്തമായ വേരുകളുള്ള ഒരു പ്രദേശമാണ് ഷിക്കാഗോ.

ഞാൻ മുത്തോലത്തച്ചനെ വിശേഷിപ്പിച്ചത് ബോധപൂർവ്വമാണ്. ഷിക്കാഗോയിൽ സീറോ-മലബാർ രൂപതയുണ്ടായപ്പോൾ അതിന്റെ വികാരി ജനറാളായി ഒരു ക്നാനായക്കാരൻ അവരോധിക്കപ്പെട്ടുവെങ്കിൽ അത് ഈ സമുദായത്തിന് അമേരിക്കയിൽ കിട്ടിയ വലിയ അംഗീകാരമാണ്. ഞങ്ങൾ അതിൽ ഏറെ അഭിമാനിച്ചു. അങ്ങു കടലിനക്കരെയിരുന്നുകൊണ്ട് ഞങ്ങൾ വളരെയേറെ സന്തോഷിച്ചു.

മുത്തോലത്തച്ചൻ സാഹസികനാണ്. എനിക്ക് അദ്ദേഹത്തെ നേരത്തെ അറിയാം. അച്ചനിവിടെ പറഞ്ഞതൊന്നും അതിശയോക്തിയല്ല. എൺപതുകളിലുള്ള ഒരു ബന്ധം - അപ്നാദേശിലാണ് ഞങ്ങൾ ആദ്യം ബന്ധപ്പെടുന്നത്. അന്ന് അപ്നാദേശ് നഷ്ടത്തിലാണ്. വർഷത്തിന്റെ അവസാനം കണക്കു തീർക്കുവാൻ അരമനയിൽചെന്ന് ഓച്ഛാനിച്ചു നില്ക്കുന്ന ചീഫ് എഡിറ്റർമാരായിരുന്ന അച്ചന്മാരെ ഞാൻ ഓർക്കുന്നു. "പിതാവേ കുറച്ചു കാശ് ... " എന്നു പറയുമ്പോൾ കുറച്ചു പരുഷ വാക്കുകളൊക്കെ പറഞ്ഞ് " അച്ചാ, കുറച്ചു കാശു കൊടുക്ക്" എന്നു പ്രൊക്യുറേറ്ററച്ചനോടു പറയും.

എന്നാൽ മുത്തോലത്തച്ചൻ അപ്നാദേശിൽ ചാർജെടുത്തപ്പോൾ മുതൽ അത് ലാഭത്തിലായി. ഇന്ന് അപ്നാദേശിൽ വലിയ ബാങ്കു ബാലൻസുണ്ട്. ഇന്ന് പിതാവ് അപ്നാദേശിൽനിന്നാണ് പണം കടം വാങ്ങുന്നത്. അതിന്റെ അടിസ്ഥാന ശില പാകിയത് മുത്തോലത്തച്ചനാണ്. അതിൽ എന്റേതായ ചെറിയ പങ്കു വഹിക്കുവാനേ എനിക്കു സാധിച്ചുള്ളൂ.

കെ.സി.വൈ.എൽ.ന്റെ രൂപതാ ചാപ്ലെയിനായിട്ടുവന്ന അച്ചന്റെ നേതൃത്വം ഞാൻ വളരെ നന്ദിയോടെ സ്മരിക്കുന്നു. കെ.സി.

*(Continued on page 4)*



Bishop Mar Jacob Angadiath leading adoration of the Most Blessed Sacrament in our church after his Holy Mass to pray with us for our Knanaya Community and Archdiocese of Kottayam as we face crisis in Kerala.

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## RECONCILIATION / CONFESSION

**First Sundays from 10:00 A.M. - 12:30 P.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## THEOLOGY CLASS

**Second and Fourth Saturdays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

December 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

# Schedule of Events

### SATURDAY, DECEMBER 13, 2008

ഗ്വഡലൂപ്പെ മാതാവിന്റെ തിരുന്നാൾ ആഘോഷം രാവിലെ 10:00ന്. ലദീഞ്ഞ്, പാട്ടു കുർബാന, നൊവേന, പുഷ്പം എഴുന്നള്ളിക്കൽ.

Bible Study Group after the Mass.
Ecumenical Jubilee Celebrations of Kerala Churches in Chicago at Lane Tech High School, 2501 W. Addison, Chicago at 4:30 P.M.

### SUNDAY, DECEMBER 14, 2008

Holy Mass and Religious Education at 10:00 A.M.
Rel. Edu. Festival Rehearsal at 11:00 A.M.
English Mass at 11:50 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M
Fund Raising Kick Off for St. Mary's Church at OLV after Holy Mass.

### THURSDAY, DECEMBER 18, 2008

Holy Mass and Novena at Community Center at 7:00 P.M.
Confession at Community Center from 7:00 P.M.

### FRIDAY, DECEMBER 19, 2008

Holy Mass Novena of St. Michael at 7:00 P.M.

### SATURDAY, DECEMBER 20, 2008

**Breakfast with Santa at Maywood by Children Ministry from 9:00 A.M.**
Holy Mass and Novena at 10:00 A.M.
Confession at Maywood from 9:30 A.M.

### SUNDAY, DECEMBER 21, 2008

Holy Mass and Religious Education at 10:00 A.M.
Rel. Edu. Festival Rehearsal at 11:00 A.M.
English Mass at 11:50 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

### WEDNESDAY, DECEMBER 24, 2008

**Christmas Mass of St. Mary's Unit at 8:00 P.M. at St. Emily Church, 1400 E. Central Rd., Mt. Prospect, IL 60056.**
**Fundraising Kick off for St. Mary's Church after Christmas Mass at St. Emily's Church.**
**Christmas Celebration of Sacred Heart Church at Maywood from 9:00 P.M. (Christmas Mass, Christmas Carol, Nativity Show, Cake Cutting, Christmas Gift Sharing and Dinner.**

### THURSDAY, DECEMBER 25, 2008


**Holy Mass at 10:00 A.M. at Maywood.**
No Novena at Community Center because of Christmas.

### FRIDAY, DECEMBER 26, 2008

**Retreat for Couples and Youth** begins at Bishop Lane Retreat Center, Rockford. Registration begins at Maywood church at 4:00 P.M.
Holy Mass at 7:00 P.M.

### SATURDAY, DECEMBER 27, 2008

**Retreat continues for Couples and Youth at Rockford.**
Holy Mass and Novena at 10:00 A.M.



# വികാരിയുടെ സന്ദേശം

## മേവുഡും ഹോഫ്മാനും രണ്ടു തരം നല്ല മോഡലുകൾ

എന്റെ പ്രിയ സഹോദരങ്ങളേ,

മേവുഡിലെ തിരുഹൃദയ ക്നാനായ ദൈവാലയം വടക്കേ അമേരിക്കയിലെ ക്നാനായ മിഷനുകൾക്കു മാത്രമല്ല, സീറോ മലബാർ മിഷനുകൾക്കും ഇടവകകൾക്കും മാതൃകയാണെന്നാണ് അഭിവന്ദ്യ പിതാക്കന്മാരും പ്രമുഖ അല്മായ നേതാക്കളും പ്രസ്ഥാവിച്ചിട്ടുള്ളത്. നാട്ടിലും ലോകത്തിന്റെ ഇതര ഭാഗങ്ങളിലുമുള്ള കത്തോലിക്കാ പള്ളികൾ പോലെ, ഇടവകയ്ക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സ്വന്തമാക്കി ബാഹ്യ ശക്തികളുടെ നിയന്ത്രണമോ രാഷ്ട്രീയ വടംവലികളോ ഇല്ലാതെ ആഗോള കത്തോലിക്കാ സഭയുടെ ഘടനയിൽ പരമാവധി അല്മായ പങ്കാളിത്തത്തോടെ നമ്മുടെ ഇടവക സജീവമായി പ്രവർത്തിക്കുന്നു. അതിൽ സന്തോഷിച്ചുകൊണ്ട് നമുക്കു ദൈവത്തെ സ്തുതിക്കാം. മറ്റു സ്ഥലങ്ങളിലും ഈ മാതൃക പിന്തുടരട്ടെയെന്നു പ്രാർത്ഥിക്കുകയും അതിനു പ്രോത്സാഹനം നല്കുകയും ചെയ്യാം.

മേവുഡിൽനിന്നു വ്യത്യസ്ഥമായൊരു മോഡലാണ് ഹോഫ്മാനിൽ നാം നടപ്പിലാക്കുവാൻ ശ്രമിക്കുന്നത്. കെ.സി.എസ്. അവിടെ ഏഴേക്കർ സ്ഥലം വാങ്ങിയതാണ് അതിനു കാരണം. പള്ളിയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും ആവശ്യമായ സ്ഥലം ഹോഫ്മാനിൽ കെ.സി. എസ്. സെന്റ് മേരീസ് പാരീഷ് യൂണിറ്റിന്റെ പേരിൽ നല്കുവാൻ പരിഗണിക്കുന്നുണ്ട്. എന്നാൽ പള്ളി, മതബോധന സ്കൂൾ, വൈദിക വസതി, പാർക്കിംഗ് ലോട്ട്, അപ്രോച്ച് റോഡ് എന്നിവ ആവശ്യത്തിനു സ്വന്തമായി ഉണ്ടായിരിക്കേണ്ടത് ഇടവകയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമാണ്. അതിനാലാണ് കെ.സി. എസ്. വാഗ്ദാനം ചെയ്ത സ്ഥലത്തിനു പുറമേ 2.42 ഏക്കർ കൂടി അതോടു ചേർന്നു വഴിയരികിൽ വാങ്ങുവാൻ തീരുമാനിച്ചത്.

ഇടവകയ്ക്ക് ആവശ്യമായ, ഇന്നു മേവുഡിൽ ഉള്ളതുപോലുള്ള, സംവിധാനങ്ങൾക്കു പുറമേ പള്ളിയോടനുബന്ധിച്ച് വിശാലമായ ഹോൾ അസ്സോസിയേഷന്റെ ഉടമസ്ഥതയിൽ ഉണ്ടാകുന്നതിന് ഇടവകയ്ക്ക് സന്തോഷമേയുള്ളൂ. പള്ളിയോടനുബന്ധിച്ച് ബാങ്ക്വറ്റ് ഹോൾ ഉണ്ടെങ്കിൽ പള്ളിയിൽ മാമ്മോദീസാ, വിവാഹം, ജൂബിലി തുടങ്ങിയവ നടത്തുവാൻ കൂടുതൽ സൗകര്യമുണ്ടാകും. ആഘോഷമായ (ആദ്യ) കുർബാന സ്വീകരണം, പ്രധാന തിരുന്നാൾ, റിലിജിയസ് എഡ്യൂക്കേഷൻ ഫെസ്റ്റിവെൽ, എന്നിവയ്ക്കും അതു സഹായകമാണ്. പിന്നീട് അസ്സോസിയേഷന് റിട്ടയർമന്റ് ഹോം, അസിസ്റ്റഡ് ലിവിംഗ്, ജിമ്നേഷ്യം തുടങ്ങിയവയും പള്ളിയ്ക്കു സമീപമായി സ്ഥാപിയ്ക്കുവാൻ കഴിയും. പള്ളിയ്ക്കും സംഘടനയ്ക്കും സ്വന്തമായി പാർക്കിംഗ് ലോട്ട് ഉണ്ടാകുന്നതിനാൽ ഇരു പ്രസ്ഥാനങ്ങളുടെയും വിശേഷാവസരങ്ങളിൽ പരസ്പര ധാരണയോടെ പാർക്കിംഗ് ലോട്ട് പൊതുവായി ഉപയോഗിവാൻ കഴിയും.

നമ്മുടെ ആളുകൾ കുറവുള്ള സ്ഥലങ്ങളിലോ, അസ്സോസിയേഷനു സ്വന്തമായി കമ്മ്യൂണിറ്റി സെന്റർ ഇല്ലാത്ത സ്ഥലങ്ങളിലോ മേവുഡ് മോഡലാണ് അഭികാമ്യം. അതേ സമയം പള്ളിയുടെ സംവിധാനങ്ങൾ നമ്മുടെ സംഘടനയ്ക്ക്, പള്ളിയുടെ പ്രവർത്തനങ്ങൾക്കു തടസ്സമാകാത്ത വിധം സംലഭ്യമാക്കണം. കാരണം നമ്മുടെ ക്നാനായ സംഘടനയെ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത്, വംശശുദ്ധി നിലനിർത്തുകയും അല്മായ സേവനത്തെ വിലമതിക്കുകയും ചെയ്യുന്ന നമ്മുടെ സമുദായത്തിന്റെ നിലനില്പിന് ആവശ്യമാണ്.

ഇടവകയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടായി കഴിയുമ്പോൾ പള്ളിയ്ക്ക് ഉടമസ്ഥാവകാശം അത്യാവശ്യമില്ലാത്ത ജിമ്നേഷ്യം, ബാങ്ക്വറ്റ് ഹോൾ, ആഡിറ്റോറിയം, റിട്ടയർമന്റ് ഹോം, അസിസ്റ്റഡ് ലിവിംഗ്, തുടങ്ങിയവ അസ്സോസിയേഷന്റെ ഉടമസ്ഥതയിൽ സ്ഥാപിക്കാവുന്നതാണ്. സംഘടനയ്ക്കു സ്വന്തമായി കമ്മ്യൂണിറ്റി സെന്റർ ഉള്ള സ്ഥലങ്ങളിൽ ഇപ്പോൾ തന്നെ ഹോഫ്മാൻ മോഡൽ സ്വീകരിക്കാം. അതായത് കമ്മ്യൂണിറ്റി സെന്ററിനു സമീപമായിതന്നെ ഇടവകയ്ക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഇടവകയുടെ ഉടമസ്ഥതയിൽ നാം സ്ഥാപിക്കണം.

മൾട്ടി പർപ്പസ് കമ്മ്യൂണിറ്റി സെന്റർ എന്ന സങ്കല്പത്തെ നാമിപ്പോൾ പ്രോത്സാഹിപ്പിക്കുന്നില്ല. പള്ളി ഇല്ലാത്ത സ്ഥല ങ്ങളിൽ താല്ക്കാലികമായി ഹാളിൽ കുർബാന അർപ്പിക്കുവാൻ അനുവദിക്കുമെങ്കിലും അത് ദീർഘകാല പദ്ധതിയായി നടപ്പിലാക്കാവുന്നതല്ല. കൂദാശ ചെയ്യപ്പെടുന്ന വിശുദ്ധ സ്ഥലത്താകണം ബലിയർപ്പണം നടത്തുക. ദൈവാലയം സ്വർഗ്ഗത്തിന്റെ പ്രതീകവും വിശുദ്ധിയുടെ വിശുദ്ധ സ്ഥലവുമായ മദ്ബഹായും ആരാധനാസമൂഹത്തിനായി സമർപ്പിക്കപ്പെട്ട സമൂഹവേദിയും ഉൾക്കൊള്ളുന്നതാകണം. അത് നമ്മുടെ ആരാധനാക്രമ പാരമ്പര്യത്തിനനുസരിച്ച് നിർമ്മിച്ച് പാവനമായി സൂക്ഷിച്ച് ഉപയോഗിക്കണം.

അസ്സോസിയേഷന്റെ പ്രവർത്തനങ്ങളേക്കാൾ എത്രയോ ഏറേയാണ് ഇടവകയ്ക്കുള്ളത്. അനുദിന ബലിയ്ക്കാവശ്യമായ പള്ളിയായിരിക്കണം നമ്മുടെ മുൻഗണന. തുടർന്നു മറ്റു പ്രസ്ഥാനങ്ങൾ പടുത്തുയർത്തുവാൻ വേണ്ട കഴിവ് ദൈവം നമുക്കു നല്കും. അസ്സോസിയേഷനു സ്വന്തമായി സ്ഥാപനമില്ലാത്ത സ്ഥലങ്ങളിൽ അവ ഉണ്ടാകുന്നതുവരെ പള്ളിയുടെ അനുബന്ധസ്ഥാപനങ്ങൾ അസ്സോസിയേഷന് ഉപയോഗിക്കാമല്ലോ. അതിനാൽ ദൈവത്തിന്റെ ആലയവും അതുവഴി വരും തലമുറയുടെ വിശ്വാസ പരിശീലനവുമാകട്ടെ നമ്മുടെ മുൻഗണന.

ഒത്തിരി സ്നേഹത്തോടെ,

ഫാ. എബ്രഹാം മുത്തോലത്ത്

### നുറുങ്ങുവെട്ടം

**ദൈവത്തോടു മത്സരിച്ച്**
**ബാബേൽ ഗോപുരം**
**പണിതപ്പോൾ**
**എന്തു സംഭവിച്ചു?**



*(Continued from page 1)*

വൈ.എൽ.ന് ധാരാളം വൈവിധ്യങ്ങളുടെ മുഖം അച്ചൻ നല്കി. പണം പ്രശ്നമായിരുന്നില്ല. അച്ചനത് പല പ്രോജക്ടുകളിലൂടെ ഞങ്ങൾക്കു നല്കി. "നിങ്ങൾ പ്രവർത്തിക്കു." പിന്നെ അവിടെ ഒരു യൂത്തു സെന്റർ അച്ചൻ സ്ഥാപിച്ചു. ആ യൂത്ത് സെന്ററിന്റെ വിത്ത് അതാണ് അച്ചൻ ഇവിടെ പാകുന്നത്. അത് ഒരു പൂവ് വിടരുന്നതു പോലെ വികസിക്കുമെന്ന് എനിക്കറിയാം.

ഇന്ന് ചൈതന്യ പാസ്റ്ററൽ സെന്റർ കോട്ടയം അതിരൂപതയുടെ ഹൃദയമാണ്. അവിടെയാണ് അതിരൂപതയുടെ എല്ലാ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നത്. അവിടുത്തെ കെ.എസ്.എസ്.എസ്. ഇന്ന് കേരളത്തിനു മുഴുവൻ മാതൃകാ സ്ഥാപനമാണ്. അതിനു വിത്തു പാകിയത് മുത്തോലത്തച്ചനാണ്.

മുത്തോലത്തച്ചനെ ഷിക്കാഗോയിലെ ഈ തിരുഹൃദയ പള്ളിയിൽ വികാരിയായി കണ്ടതിൽ ഞാൻ സന്തോഷിക്കുന്നു. ഷിക്കാഗോയുടെ തിരുഹൃദയമാണ് ഈ ദൈവാലയം. നമുക്കന്ന് കോട്ടയത്ത് ഒരു തിരുഹൃദയക്കുന്നുണ്ടായിരുന്നു. അന്ന് തിരുഹൃദയക്കുന്നായിരുന്നു കോട്ടയം രൂപതയുടെ ഹൃദയം. അങ്ങനെ ഒരു തിരുഹൃദയക്കുന്നായി ഈ ഇടവക മാറുമെന്നതിൽ എനിക്കു സംശയമില്ല. അച്ചന്റെ ഊർജ്ജസ്വലത, അച്ചന്റെ അക്ഷീണ പരിശ്രമം, അച്ചന്റെ ഇൻസ്പിരേഷൻ, അതെല്ലാം നിങ്ങൾക്കു മുതൽക്കൂട്ടായി മാറുമെന്നതിൽ സംശയമില്ല.

രണ്ടായിരത്തി രണ്ടിൽ ഞാൻ ഷിക്കാഗോയിലെ കുർബ്ബാനയിൽ കൂടുമ്പോൾ ഒരു ദൈവാലയ ശുശ്രൂഷിയെ ഉണ്ടായിരുന്നുള്ളു: ചെമ്മാച്ചേൽ മത്തച്ചൻ ചേട്ടൻ. ഇപ്രാവശ്യം ഞാൻ ഇവിടെ വന്നപ്പോൾ 12 പേരെ എണ്ണി. അങ്ങനെ ഇടവക ശുശ്രൂഷികളുടെ എണ്ണം കൂടുന്നത് ഈ ഇടവക സമൂഹത്തിന്റെ തീക്ഷ്ണ ഭക്തി ഭാവങ്ങൾ ഏറുന്നതിനെ പ്രദർശിപ്പിക്കുന്നു.

ഷിക്കാഗോയിലെ ഈ തിരുഹൃദയ ഇടവക സമ്പന്നമാണ്. ഞാൻ വേദിയിലിരുന്ന് എണ്ണി. കെ.സി.സി.എൻ.എ.യുടെ മൂന്നു പ്രസിഡന്റുമാർ ഇവിടെയിരിക്കുന്നു. ജോസ് കണിയാലി, ജോണി പുത്തൻപറമ്പിൽ, ജോയി വാച്ചാച്ചിറ. ഇനി നാലാമതൊരാൾ ഇവിടെനിന്ന് ഉണ്ടാകാൻ പോകുന്നുവെന്നാണു ഞാൻ കേട്ടത്. അതുപോലെ യുവജനങ്ങളുടെ ശക്തമായ നേതൃത്വനിര ഈ ഇടവകയെ ശക്തിപ്പെടുത്തുന്നു. ജോർജ് തോട്ടപ്പുറത്തെ ഞാൻ കണ്ടു. ജോയി നെടിയകാലായിൽ, ജോയി ചെമ്മാച്ചേൽ, കൈക്കാരനായ സാബു നടുവീട്ടിൽ; ഇവരുടെയൊക്കെ ശക്തമായ പിന്തുണ ഈ ഇടവകയ്ക്ക് ഊർജ്ജസ്വലതയും സൗന്ദര്യവും പകരുന്നതായി ഞാൻ കാണുന്നു.

പ്രിയപ്പെട്ടവരേ, ഈ വൈകാരിക ഐക്യമാണ് നമ്മെ ഒന്നിപ്പിക്കുന്ന ഘടകം. ഇതാണു നമ്മുടെ സൗന്ദര്യം. ഈ സൗന്ദര്യത്തെക്കുറിച്ചാണ് ഇവരൊക്കെ പറഞ്ഞത്. ഇവിടെ കടലിനക്കരെ ഒരു ക്നാനായ സമുദായം അടിസ്ഥാനമിട്ടു കഴിഞ്ഞു. ജോണി ലൂക്കോസ് പറഞ്ഞ ആശയം വളരെ പ്രസക്തമാണ്. ഞാൻ നാട്ടിൽ പല ക്ലാസ്സുകളിലും പറയാറുണ്ട്: 50 വർഷത്തിനുശേഷം നാട്ടിൽ നടക്കുവാൻ പോകുന്ന മാറ്റം. ജോണി അതു ഫലിതരൂപത്തിലാണു പറഞ്ഞതെങ്കിലും അതു യാഥാർത്ഥ്യമാണ്. കേരളത്തിൽ നമ്മുടെ എണ്ണം കുറയുകയും വിദേശത്ത് നമ്മുടെ എണ്ണം കൂടുകയും ചെയ്യുന്ന കാലം വരും. അതിനനുസൃതമായ പദ്ധതികളും കാര്യങ്ങളുമാണ് നമ്മൾ ആവിഷ്കരിക്കേണ്ടത്. അതിനുവേണ്ട ചർച്ചകൾ ആരംഭിച്ചുകഴിഞ്ഞു.

നിങ്ങളുടെ ഈ ഐക്യവും സ്നേഹവുമൊക്കെ നാട്ടിൽനിന്ന് വരുന്നവർ ഏറെ ആസ്വദിക്കുന്നുണ്ട്. അത് ഈ സമുദായത്തിന്റെ പാരമ്പര്യത്തിന്റെ പ്രതിഫലനങ്ങളാണ്. ചരിത്രം പറഞ്ഞും പാരമ്പര്യത്തെക്കുറിച്ച് വീമ്പു പറഞ്ഞുമല്ല ഒരു സമുദായം വളരുന്നത്. അവരുടെ പ്രവർത്തനങ്ങളുടെ സാക്ഷ്യത്തിലൂടെയാണ്. അതിലൂടെയാണ് അവരുടെ ഗുണം തെളിയിക്കുന്നത്. ആ ഗുണം ഒരു സൗരഭ്യം പോലെ പ്രകടിപ്പിക്കുന്ന സമൂഹമായി ഷിക്കാഗോ ഇന്നു മാറിയിരിക്കുന്നു. ഷിക്കാഗോയെ അമേരിക്കയിലെ മൊത്തം ക്നാനായ സമുദായത്തിനു മാതൃകയായി വിശേഷിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഏഴു സംസ്ഥാനങ്ങൾ സന്ദർശിച്ചിട്ടാണ് ഇവിടെ വരുന്നത്. ഇന്ന് ഈ വേദിയിൽ നിന്ന് സംസാരിക്കുമ്പോൾ എനിക്കു യാതൊരു സഭാകമ്പവുമില്ല. ഞാൻ ഒരു പ്രയാസവും നേരിടുന്നില്ല. കാരണം, ഞാൻ എന്റെ സഹോദരങ്ങളുടെ മുമ്പിൽ, എന്റെ സുഹൃത്തുക്കളുടെ മുമ്പിൽ, എന്റെ മാതാപിതാക്കളുടെ മുമ്പിൽനിന്നു സംസാരിക്കുന്ന അനുഭൂതിയിലാണ്.

ഇവിടുത്തെ ഇളം തലമുറയെ കാണുമ്പോൾ എനിക്കു സന്തോഷം തോന്നുന്നു. അവരുടെ വൊളന്റിയർ സർവ്വീസ്, വലിയ ജോലിയിലിരുന്നുകൊണ്ട് അവർ ചെയ്യുന്ന ഈ സേവനം മറ്റുള്ളവർക്കു മാതൃകയാകട്ടെയെന്നു ഞാൻ ആശംസിക്കുന്നു. ഞാൻ ഇവിടെ വന്നപ്പോൾ എനിക്കു തന്ന കരുതൽ, ആ കരുതലുള്ള സമൂഹത്തിന് നന്മ വരട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.



# First Time Ever

## Children's Ministry Presents




**WHEN: Saturday, December 20, 2008**
**WHERE: S. H. Knanaya Catholic Church, Maywood**
**TIME: 9:00 A.M. - 1:00 P.M.**
**COST: $3 Adult, $2 Children**

**Any Question, please contact the coordinators:**
**Jini Kannothara (630) 290 8755 / Bino Machanickal (773) 636 2380**

**LOTS OF FUN, DIFFERENT GAMES,GIFTS FOR THE WINNERS,**
**AND PICTURES WITH SANTA.COME AND ENJOY.**



Photo Above: Fr. Abraham Mutholath presenting modern views on Lay Ministries at our parish hall.
Photo Below: Participants and organizers of Marriage Preparation Course held at our church.



## പരിശുദ്ധ ഗ്വഡലൂപ്പെ മാതാവിന്റെ തിരുന്നാൾ ആഘോഷം



**ഡിസംബർ 13 ശനി രാവിലെ 10:00ന്**

ലദീഞ്ഞ്, പാട്ടുകുർബ്ബാന, പ്രസംഗം, പ്രദക്ഷിണം എഴുന്നള്ളിപ്പ്

പ്രസുദേന്തി: സണ്ണി & വത്സ തെക്കേപ്പറമ്പിൽ

## ക്രിസ്തുമസ് കരോൾ



നമ്മുടെ ഇടവകയുടെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി കൂടാരയോഗങ്ങളുടെയും വിവിധ മിനിസ്ട്രികളുടെയും ആഭിമുഖ്യത്തിൽ ഭവനങ്ങൾ സന്ദർശിച്ച് ഈ വർഷവും ക്രിസ്തുമസ് കരോൾ നടത്തുന്നതാണ്. നമ്മുടെ പള്ളിയ്ക്ക് ഏറെ സഹായം ആവശ്യമായ ഈ അവസരത്തിൽ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ജനറൽ കോർഡിനേറ്റേഴ്സ്:
മത്യാസ് പുല്ലാപ്പള്ളി & തമ്പി ചെമ്മാച്ചേൽ

**മേവുഡ് പള്ളിയിൽ ഡിസംബർ 24 വൈകുന്നേരം ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി അവതരിപ്പിക്കുന്ന ഹ്രസ്വ ഹാസ്യ നാടകം :**



**മേനോന്റെ ആദ്യത്തെ ക്രിസ്തുമസ് ആഘോഷം.**

ഏവർക്കും സ്വാഗതം.

## CHANGE IN CHRISTMAS SCHEDULE



**Wednesday, December 24 ST. MARY'S UNIT**
8:00 P.M. Christmas Mass at St. Emily Church, 1400 E. Central Rd., Mt. Prospect, IL 60056 followed by Fund Raising Kickoff for St. Mary's Church.

**Wednesday, December 24 at Maywood**
Christmas Celebration of Maywood Church is rescheduled to start at 9:00 P.M.
Christmas Mass, Carol Songs, Nativity Show, Cake Cutting, Gift Sharing and Dinner. *( Donation for Christmas Gifts will be $2/$5/$10).*

**Thursday, December 25**
10:00 A.M. Mass at Sacred Heart Church.

**Wednesday, December 31**
07:00 P.M. Year-End Service at Maywood.
10:00 P.M. Year-End Service at Community Center.

**Thursday, January 1 at Maywood**
10:00 A.M. New Year Service and Holy Mass.

## RETREAT FOR COUPLES AND YOUTH





Residential **Couples Retreat, Youth Retreat in Malayalam, Teens Retreat in English** for 7th to 10th Graders, and Youth Retreat in English for 11th graders and up for St. Mary's Unit and Maywood Church. Expert Team will guide all the retreat groups. Baby Sitting will be provided.
WHEN: **December 26th evening to 29th evening**.
WHERE: **Bishop Lane Retreat Center, Rockford**.
Common Transportation will be arranged. Registration fee per person to meet the expense including food, accommodation, resource team, and transportation is **$250**. Please register with payment to Retreat coordinators, youth directors or DREs.
**Youth Coordinators:** Sabu Mutholam, Deepu Kandarappallil, Dr. Jose Thoombanal, & Saju Kannampally.
**Adult Coordinators:** Sabu Madathilparambil, Claramma Chathampadam, John Pattapathy, Mercy Idiyalil.

READERS / LECTORS    **മംഗള വാർത്ത കാലം**

| Dec. 14 | PASSAGE | MAYWOOD MALAYALAM & ENGLISH | | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Isaiah 61:1-2a, 10-11 | Marykutty Elakkatt | Joel Thottapuram | Jesvin Mathew |
| 2nd Reading | 1 Thessalonians 5:16-24 | Sally Muriparambil | Annu Kussakuzhiyil | Rahul Thomas |
| Gospel | John 1:6-8, 19-28 | *I am the voice of one crying out in the desert, make straight the way of the Lord.* | | |
| Dec. 21 | | | | |
| 1st Reading | 2Samuel 7:1-5,8b-12,14a,16 | Alice Plamparabil | Minnu Pannimattathil | Sherrin Pazhayampally |
| 2nd Reading | Romans 16:25-27 | Bindhu Thottapuram | Aliza Kizhakkevalayil | Faimy Poothruckayil |
| Gospel | Luke 1:26-38 | *Behold, I am the handmaid of the Lord. May it be done to me according to your word.* | | |

| SUNDAY OFFERINGS | December 7 |
|---|---|
| **St. Mary's Unit at OLV** | **464.05** |
| Agape Stall for Charity | 55.00 |
| **Offering account of Maywood is not available at the time of publication.** | |

# ST. MARY'S CHURCH PROJECT FUND RAISING KICK OFF




Sunday, December 14th after 5:30 P.M. Mass at OLV Church.
Wednesday, December 24th after 8:00 P.M. Christmas Mass for St. Mary's at St. Emily Church in Mt. Prospect.


Please contribute generously for our second church at Hoffman Estate near our proposed Community Center.

## നമ്മുടെ ഇടവകയ്ക്ക് ഈ വർഷത്തെ വാർഷിക സംഭാവന നല്കിയോ?



നമ്മുടെ ഇടവകയുടെ സേവനത്തിലൂടെ നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും ഏറെ നന്മകൾ ലഭിക്കുന്നുണ്ടല്ലോ. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സ്വന്തമായ സംവിധാനങ്ങൾ ഏറെ സഹായിക്കുന്നുണ്ട്. നമ്മുടെ ഇടവകയുടെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ഈ വർഷത്തെ വാർഷിക സംഭാവന 240 ഡോളർ നല്കാത്തവർ ഈ മാസം തന്നെ നല്കി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സെന്റ് മേരീസ് യൂണിറ്റുകാർ സെന്റ് മേരീസ് പാരീഷ് യൂണിറ്റിന്റെ പേരിലും മറ്റുള്ളവർ സേക്രഡ് ഹാർട്ട് പാരീഷിന്റെ പേരിലും ചെക്ക് എഴുതാവുന്നതാണ്. ഇടവകയുടെ അനുദിന ചെലവുകൾ കഴിഞ്ഞുള്ള ബാക്കി തുക ഇടവക പള്ളിയിൽ യൂത്ത് സെന്ററിനും സെന്റ് മേരീസിൽ ഹോഫ്മാനിലെ സ്ഥലം വാങ്ങുന്നതിനുമായിരിക്കും പ്രയോജനപ്പെടുത്തുക.



## Ushers at Sacred Heart

| December 14 | December 21 |
|---|---|
| George Karikkal | Kichu Maliackalthera |
| Jaison Chacko | Jintu Muriparambil |
| Abin Kulathilkarottu | Sherry Kulathilkarottu |
| Sunil Vanchiparikal | Malu Muriparambil |
| **English Mass** | **English Mass** |
| Thomman Puthenpurayil | Chinnu Vachachira |
| Jaime Vennalasseril | Annu Kussakuzhiyil |

**LINCOLNWOOD MORTGAGE SERVICES, INC.**



**4039 W. Main St., Skokie, IL 60076**
**Phone: 847-674-1600**
**Fax: 847-674-1608**
*For all your Mortgage Services*
**Please contact: Benny Kuriakose (Kanjiraparayil)**
Phone: 847.583.1245, Pager: 773.258.1301.
**PURCHASE, REFINANCES, FIXED, ADJUSTABLE**
**We offer fast approvals**



AGAPE STORE OF OUR PARISH OFFERS

## Gift from Santa

On Weekends from November 30th
For donations for charity $2 / &5 / $10
Sponsors are welcome and honored.
Coordinator: Valsa Thekkeparambil.

***Please Support Our Advertisers.***

*Best compliments from The Mutholath Family*

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463, (708) 489 6PRS
9518 W. 179th Street, Tinley Park, IL 60487, *www.pro-rehabservices.com*

Choicecare Home Health, Inc.

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**Greetings to Knanaya Catholic Parish Chicago**



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

*Your Call is Always Welcome*

# Attorney Steve Crifase

**312-855-0511**

8 South Michigan, Suite 2000, Chicago, Illinois 60603

*Dupage County Office and Home Visits Available*

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
1-866-JOE-4-TOW

**POWER WASH** 847-568-1500
4002 W. Chicago, IL
7736 W. Dempster, Morton Grove, IL



JOY CHEMMACHEL
312-560-1600

CLARK · Shell · Gas DEPOT · MARATHON · CITGO

Gasoline distribution throughout the Midwest

***Your KNANAYA Gasoline Jobber***

**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

WE ARE COMMITTED TO EXCELLENCE

COMING TOGETHER TO SERVE YOU BETTER



Sofi Lukose Puthenpurayil, Loan Officer, Lincolnwood Mortgage Services, Cell: 847-894-7486

Cyriac Lukose Puthenpurayil, MSc, Broker Associate, RE/MAX 1st Class Realty, Cell: 847-877-2870

RESIDENTIAL & COMMERCIAL

RE/MAX

**Professional with 11 years experience in catering.**

YOU INVITE THE GUESTS, WE DO THE REST

Malabar
Catering & Carry-out

Call **WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

## ROYAL TRAVEL SERVICE

3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, FAX: (773) 509-1196

*KUWAIT AIRWAYS * AIR INDIA * MALAYSIAN
* SWISS AIR * BRITISH AIRWAYS * LUFTHANSA
AIR FRANCE * KLM * SINGAPORE AIR, ETC.,

**YOUR KNANAYA TRAVEL AGENCY**

CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU

H&R BLOCK — tax, mortgage and financial services



Mathadas Zachariah
Tax Specialist 3
847-436-4330 (Cell)

Western Plaza 6212 N. Western Avenue
Chicago, IL 60659
Tel 773 973 4288 Fax 773 973 0166

District Office Year Round Service
4931 W. Irving Park Road Chicago, IL 60641
Tel 773 545 2734 Fax 773 545 0829 hrblock.com

*Home dream home !*
*To fulfill your sweet dream call today & experience the difference !*



Shaji Nirappil
Cell: (630)886-1044
Office: (630)539-7076
Fax: (630)833-6747
shajinirappil@hotmail.com

Avian Realty
Serving You More For Less

MLS

**SPACE AVAILABLE FOR YOUR ADVERTISEMENT**

**CITYWIDE JMW REALTY INC.**



4313 W. Irving Park, Chicago, IL 60641

**ALEX MULLAPPALLIL**
REALTOR CONSULTANT

Tel: 773-286-6200 * Cell: 847-208-6657
Res: 847-679-9431 * Fax: 773-286-9516

EQUAL HOUSING LENDER

Specializing in: Gas Stations, Investments, Commercial, & Residential.

**FAMILY DENTAL Practice**

- Most Insurance accepted
- Free Consultation
- Emergencies promptly treated



Comprehensive Family & Cosmetic Dentistry
ORTHODONTICS (BRACES & INVISALIGN)
for children and Adults
DISCOUNTS available for every one
**MAJOR DISCOUNTS**
For patients WITHOUT insurance

Dr. Susan Edukutharayil, B.D.S., D.D.S.
(University of Illinois graduate) Practicing Dentistry in Chicago land area for the past 12 years !!!

**9709 N. Milwaukee Ave., Glenview, IL 60025**
(Northwest Corner of Milwaukee & Greenwood)
**Office: (847) 581-1418 Fax: ( 847) 581-1445**
Emergency: (630) 674-6201 Home: (630) 674-6207

**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



**TOMY NELLAMATTAM**
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)



**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

**7215 W. Touhy, Suite 5, Chicago, IL 60631.**
**Office: 773-792-2117, 312-718-6337 Cell**
**Fax: 773-792-2118, jaibu6@aol.com**

*** Free Electronic Filing ***
*** Refund in 24 Hours ***

**CitizensBank&Trust**
5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**
**WE ARE HERE FOR ALL YOUR NEEDS!**
***Commercial * Residential * Investments***

FDIC — FEDERAL DEPOSIT INSURANCE CORPORATION

EQUAL HOUSING LENDER

ANNA G. LES
ASSISTANT VICE PRESIDENT
Main: 773.763.6200
Email: annales@cbtoc.com

**United ATM & CARD**
***Your Source For Revenue***
619 N. Milwaukee Ave. Suite # 17
Glenview, IL 60025
**FREE ATM Machine**
**FREE Credit Card Machine**
**Call Thampychen Chemmachel**
Toll Free 866 595 8192 Office 847 510 5725
Cell 630 788 6486 Jlukose@ uaacc.com